# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 6222

20.11.2019-ൽ മറുപടിയ്ക്ക്.

## സ്വാഭാവിക പുല്ലിന്റെ ലഭ്യതക്കുറവ് പരിഹരിക്കാൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.അബ്ദുൽ ഹമീദ് പി.<br>ശ്രീ.പി.കെ.അബ്ദു റബ്ബ്<br>ശ്രീ.എം.ഉമ്മർ<br>ഡോ.എം. കെ. മുനീർ | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) ഗ്രാമങ്ങളിൽ നഗരവത്ക്കരണം വ്യാപകമായതിനാൽ ചെറിയ കന്നുകളും പുൽമേട്ടുകളും ഇല്ലാതാവുന്ന അവസ്ഥ കാരണം ക്ഷീര കർഷകർക്ക് സ്വാഭാവിക പുല്ലിന്റെ ലഭ്യതക്കുറവ് അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) നാട്ടിൻ പ്രദേശങ്ങളിലെ ക്ഷീരകർഷകർക്ക് ഉയർന്ന വിലയ്ക്ക് കാലിത്തീറ്റ വാങ്ങുന്നത് പ്രയാസകരമാണെന്ന വിലയിരുത്തിയിട്ടുണ്ടോ; | (ബി) ഉണ്ട്. ക്ഷീരകർഷകരുടെ പ്രയാസങ്ങൾ ലഘൂകരിക്കുന്നതിനായി കാലിത്തീറ്റ വില വർദ്ധനവിൽ നിന്നും കർഷകർക്ക് ആശ്വാസം നൽകുന്നതിന് കാലിത്തീറ്റയുടെ ഉപയോഗം കുറച്ച്, തീറ്റവിളകളേയും തീറ്റപ്പുല്ലിനേയും കൂടുതൽ ആശ്രയിച്ച് ക്ഷീരവൃത്തി കൂടുതൽ ആദായകരമാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. കൂടാതെ കൂടുതൽ പശുക്കളെ വളർത്തുന്ന നഗരപ്രദേശങ്ങളിലുള്ള കർഷകർക്ക് ഹൈഡ്രോപോണിക്ക് തീറ്റപ്പുൽകൃഷി ചെയ്യുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കുന്നു. |
| (സി) സ്വാഭാവികമായ പുല്ലിന്റെ ലഭ്യതക്കുറവ് പരിഹരിക്കാൻ ക്ഷീര വികസന വകുപ്പിന് എന്തെങ്കിലും പദ്ധതികളുണ്ടോ; വിശദമാക്കാമോ? | (സി) സ്വാഭാവികമായ പുല്ലിന്റെ ലഭ്യതക്കുറവ് പരിഹരിയ്ക്കുന്നതിന് ക്ഷീരവികസന വകുപ്പ് 2019-20 ൽ **7.6** കോടി രൂപയുടെ തീറ്റപ്പുൽകൃഷി വികസന പദ്ധതി നടപ്പിലാക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>1. 20 സെന്റിൽ കൂടുതൽ സ്ഥലത്ത് പുൽകൃഷി ചെയ്യുന്നതിന് പുൽക്കടകളുടെ വില ഉൾപ്പെടെ ഹെക്ടറിന് 21,500/- രൂപ സഹായം നൽകുന്നു.<br>2. പുൽകൃഷി ചെയ്യുന്നതിന് താത്പര്യമുള്ള മുഴുവൻ കർഷകർക്കും സൗജന്യമായി പുൽക്കടകൾ ലഭ്യമാക്കുന്നുണ്ട്.<br>3. ക്ഷീരസംഘങ്ങൾ മുഖേന പുരുഷ/വനിത സ്വാശ്രയഗ്രൂപ്പുകൾ രൂപീകരിച്ച് വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽകൃഷി നടത്തുന്നതിനും ഉൽപ്പാദിപ്പിക്കുന്ന പുല്ല് കർഷകർക്ക് സബ്സിഡി നിരക്കിൽ നൽകുന്നതിനുമുള്ള പദ്ധതിയുണ്ട്. |

ഇതിനായി ഒരു ഏക്കർ സ്ഥലത്ത് കൃഷി ചെയ്യുന്നതിന് 75,000/- രൂപ ധനസഹായം നൽകുന്നു.

4. സർക്കാർ / അർദ്ധ സർക്കാർ/ സ്വകാര്യ വ്യക്തികൾ വശം തരിശായി കിടക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി വാണിജ്യാടിസ്ഥാനത്തിൽ പുൽക്കൃഷി നടത്തുകയും ഉൽപ്പാദിപ്പിക്കുന്ന പുല്ല് കർഷകർക്ക് ക്ഷീര സംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഒരു ഹെക്ടർ സ്ഥലത്ത് കൃഷിചെയ്യുന്നതിന് 93,007/- രൂപയാണ് സഹായമായി നൽകുന്നത്.

5. ഹ്രസ്വകാലതീറ്റവിളകളായ ചോളം, മണിചോളം, വൻപയർ എന്നിവ കൃഷി ചെയ്യാൻ താൽപര്യമുള്ള കർഷകർക്ക് വിത്ത് സൗജന്യമായി നല്കുന്നു.

6. തീറ്റപ്പുൽകൃഷി ചെയ്യുന്ന കർഷകർക്ക് പുല്ല് അരിഞ്ഞുകൊടുക്കുന്നതിനുള്ള ചാഫ് കട്ടർ, ജലസേചന സൗകര്യം ഒരുക്കുന്നതിനായി മോട്ടോർ എന്നിവ വാങ്ങുന്നതിന് വിലയുടെ 50% പരമാവധി 10,000/- രൂപ വരെ ധനസഹായം നൽകുന്ന പദ്ധതിയും നടപ്പിലാക്കുന്നു.

7. കാലിത്തീറ്റവിളകളായി ഉപയോഗിക്കാവുന്ന വൃക്ഷവിളകളായ അഗത്തി, ശീമക്കൊന്ന, സുബാബുൾ എന്നിവ കൃഷി ചെയ്യുന്നതിനും അസോള കൃഷി ചെയ്യുന്നതിനും സഹായം നൽകുന്നുണ്ട്.

8. സ്ഥലത്തിന്റെ അഭാവം ഉള്ളവർക്കും തീറ്റപ്പുല്ലിന്റെ ലഭ്യത ഉറപ്പാക്കുന്ന തിനുമായി ഹൈഡ്രോപോണിക്സ് യൂണിറ്റുകൾ അനുവദിക്കുന്നുണ്ട്. 2 പശുയൂണിറ്റിന് 80,000/- രൂപയും 5 പശുയൂണിറ്റിന് 1,13,000/- രൂപയും 8 പശു യൂണിറ്റിന് 1,45,000/- രൂപയും ധനസഹായം നൽകുന്നുണ്ട്.

കേരള കന്നുകാലി വികസന ബോർഡ് കുടുംബശ്രീ യൂണിറ്റുകൾ മുഖേന തീറ്റപ്പുൽകൃഷി ചെയ്യുന്ന കർഷകർക്ക് ഏക്കറൊന്നിന് 16,000/- രൂപ ധനസഹായം നൽകുന്നു. കർഷകർക്ക് പരിശീലനവും, നടീൽ വസ്തുക്കളും ഈ പദ്ധതിയിലൂടെ സൗജന്യമായി നൽകുന്നു. ഒരു വർഷം 500 ഏക്കർ വരെ കൃഷി ചെയ്യുവാൻ സഹായം നൽകുന്നുണ്ട്. കർഷകരുടെയും വിവിധ ഏജൻസികളുടെയും കൈവശമുള്ള കൃഷിയിടങ്ങൾ തിരഞ്ഞെടുത്ത് ഓരോ പ്രദേശത്തിനും അനുയോജ്യമായ തീറ്റപ്പുല്ലിനങ്ങളെ ഉൾക്കൊള്ളിച്ച് കൊണ്ട് ഒരേക്കർ വീതമുള്ള മാതൃകാ പുൽകൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് 75,000/- രൂപവരെ യൂണിറ്റ് ഒന്നിന് ധനസഹായം നൽകി വരുന്നു.

**സെക്ഷൻ ഓഫീസർ**